**ഉന്നത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി സമ്പൂർണ്ണ ബിരുദ /ബിരുദാന്തര മണ്ഡലം എന്ന ലക്ഷ്യം കൈവരിക്കാനായി കാട്ടാക്കട നിയോജക മണ്ഡലം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ തിരുവനന്തപുരവും, ഇഗ്നോ സ്റ്റഡി സെന്റർ (40039), ക്രൈസ്റ്റ് നഗർ കോളേജ് മാറനല്ലൂരും കൈകോർക്കുന്നു .**

പതിനെട്ടു വയസ്സ് പൂർത്തിയാക്കിയ പ്ലസ് ടു പാസ്സായ എല്ലാ പേർക്കും പ്രായ പരിധി ഇല്ലാതെ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെ ബിരുദവും ബിരുദാനന്ത ബിരുദവും നേടാൻ അവസരം ഒരുക്കുന്നു . ഇതിലേക്കായി കാട്ടാക്കട നിയോജക മണ്ഡലം എം എൽ എ അഡ്വ . ഐ ബി സതീഷ് ബിരുദത്തിന്" ഒപ്പം" കാട്ടാക്കട മണ്ഡലം എന്ന പരിപാടി ആവിഷ്കരിച്ചിരിക്കുന്നു. ആദ്യ ഘട്ടത്തിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറു പഞ്ചായത്തുകളിലാണ് ഈ പദ്ധതി നാപ്പാക്കുന്നത്.

**പദ്ധതിയുടെ ലക്ഷ്യ്യങ്ങൾ/സവിശേഷതകൾ**

1.കാട്ടാക്കട മണ്ഡലത്തിലെ 18 വയസ്സ് പൂർത്തിയാക്കിയ പ്ലസ് ടു പാസ്സായ എല്ലാ പേർക്കും കുറഞ്ഞ ചിലവിൽ ബിരുദ /ബിരുദാന്തര ബിരുദം പൂതീകരിക്കാനുള്ള അവസരം

2 . SC/ST വിഭാഗത്തിൽ പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ബി എ ,ബികോം ,ബി എസ് സി എന്നീ കോഴ്സുകൾ സൗജന്യമായി പഠിക്കാൻ അവസരം.

3 . സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കേരള സർക്കാരിന്റെ ഇ-ഗ്രാന്റ്സ് പദ്ധതിയിലൂടെ ഫീ റീഇംബേഴ്സ്മെന്റ് ലഭ്യമാകുന്നു

4 .ജോലി ചെയ്യുന്നവർക്കും പഠനം പാതിവഴിയിൽ മുടങ്ങിയവർക്കും അവരുടെ സമയത്തിന് അനുസരിച്ചു കോഴ്സുകൾ പൂരികരിക്കാൻ സാധിക്കുന്നു

5. രാജ്യത്തും എവിടെ ഇരുന്നുവേണമെങ്കിലും പഠിക്കാനും പരീക്ഷ എഴുതുവാനുമുള്ള അവസരം.